# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 8147: 24/07/2012- ൽ മറുപടിക്ക്**

**ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുവാൻ നടപടി**

**ചോദ്യം** **ഉത്തരം**

**ശ്രീ. പി. ഉബൈദുള്ള**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വ്യവസായ സാധ്യതാ പ്രദേശങ്ങളെ കണ്ടെത്തുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കമ്പോള വിലയിലും താഴ്ന്ന വിലയ്ക്ക് വ്യവസായ നടത്തിപ്പിനായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഭൂമി നൽകുന്നുണ്ട്, ചെറുകിട വ്യവസായ സംരംഭകർക്ക് വേണ്ട മൂലധന വായ്പ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും മുഖേന ലഭ്യമാക്കുന്നു. സംസ്ഥാ നിക്ഷേപ സബ്സിഡി നൽകൽ, ഏകജാലക സംവിധാനങ്ങളിലൂടെ (ഗ്രീൻ ചാനൽ കൗണ്ടർ) ക്ലിയറൻസുകളും ലൈസൻസുകളും വേഗമാക്കൽ, സംരംഭകർക്ക് വ്യവസായ ബോധവൽക്കരണ സെമിനാറുകളും പരിശീലനവും നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പ്രദർശന വിപണന മേളകളിലൂടെ ചെറുകിട ഇടത്തരം വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണന പ്രോത്സാഹന സൗകര്യം ഒരുക്കുന്നു. വ്യവസായ സംരംഭകർക്കാവശ്യമായ ഹാന്റ് ഹോൾഡിംഗ് സർവ്വീസ് നടത്തുന്നു. മൈക്രോ സ്മാൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിൽ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. വ്യവസായത്തിന് ആവശ്യമായ വിവരങ്ങൾ വെബ്സൈറ്റിലൂടെ നൽകുന്നതിനായി സംവിധാനം, സംരംഭകത്വ സഹായ പദ്ധതിയിൻ കീഴിൽ നിക്ഷേപ സബ്സിഡി, വനിതാ, പട്ടികജാതി, പട്ടികവർഗ്ഗ സംരംഭകർക്കും പിന്നോക്ക ജില്ലകൾക്കും പ്രത്യേക ആനുകൂല്യങ്ങൾ, വ്യവസായ സഹകരണ മേഖലയ്ക്കും കരകൗശല മേഖലയ്ക്കും പ്രത്യേക ആനുകൂല്യങ്ങൾ, നിയന്ത്രിത അസംസ്കൃത വസ്തുക്കൾക്ക് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നു. പരിശീലനം |

| | | | |
|---|---|---|---|
| | | | ലഭിച്ച ഉദ്യോഗസ്ഥരുടെ സേവനം ക്ലസ്റ്റർ വികസനം സാധ്യമാക്കാൻ പ്രയോജനപ്പെടുത്തുന്നു. കൂടാതെ നമ്മുടെ സംസ്ഥാനത്തിന്റെ സ്ഥല പരിമിതി പരിഗണിച്ച് കുറഞ്ഞ സ്ഥലത്ത് കൂടുതൽ സംരംഭം ആരംഭിക്കുന്ന തിലേക്ക് ബഹുനില വ്യവസായ എസ്റ്റേറ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>നമ്മുടെ സംസ്ഥാനത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാൻ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ ഭാഗമായി "എമർജിംഗ് കേരള 2012" സെപ്റ്റംബർ 12 മുതൽ 14 വരെ തീയതികളിൽ കൊച്ചിയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>ഇവ കൂടാതെ എസ്‌ഡിഎഫ്, കിൻഫ്ര വ്യവസായ പാർക്ക്, നെല്ലാട്, എറണാകുളം; എസ്‌ഡിഎഫ്, കിൻഫ്ര വ്യവസായ പാർക്ക്, തലശ്ശേരി, കണ്ണൂർ; എസ്‌ഡിഎഫ്, കിൻഫ്ര വ്യവസായ പാർക്ക്, പിറവന്തൂർ, കൊല്ലം. എന്നീ വ്യവസായ പാർക്കുകളിൽ സ്റ്റാന്റേർഡ് ഡിസൈൻ ഫാക്ടറികൾ (എസ്‌ഡിഎഫ്) സ്ഥാപിച്ചു വരുന്നു. |
| (ബി) | മലപ്പുറം ജില്ലയിൽ ഇതു സംബന്ധിച്ച് സമഗ്ര വിവരശേഖരണം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | സമഗ്ര വിവര ശേഖരണം നടത്തി വരുന്നു. മലപ്പുറം ജില്ലയിലെ വിവിധ പഞ്ചായത്തുകളുടെ കൈവശം ഈ ആവശ്യത്തിലേക്കായി ഏകദേശം 100 ഏക്കർ സ്ഥലം ഉള്ളതായി വിവരം ലഭിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ പരിശോധിച്ച് തിട്ടപ്പെടുത്തിവരുന്നുണ്ട്. |
| (സി) | ജില്ലയിലെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ വ്യവസായ സംരംഭങ്ങൾക്കായുള്ള സ്ഥലങ്ങൾ ഒഴിഞ്ഞുകിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | പുലാമന്തോൾ ഗ്രാമപഞ്ചായത്തിലെ ചെമ്മലശ്ശേരിയിൽ പുതുതായി സ്ഥാപിച്ച് നിർമ്മാണം പൂർത്തിയാക്കിയ മിനി വ്യവസായ എസ്റ്റേറ്റിലെ 5 ഷെഡ്ഡുകൾ, ഭൂമിയുടെ തരംമാറ്റ അനുമതി ലഭിക്കാത്തതുകൊണ്ട് ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ അനുവദിച്ച് കിട്ടാത്തതിനാൽ വ്യവസായ സംരംഭകർക്ക് കൈമാറാതെ ഒഴിഞ്ഞുകിടക്കുന്നുണ്ട്. |
| (ഡി) | ഇത്തരം സ്ഥലങ്ങൾ കണ്ടെത്തുന്നതിനും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ഡി) | സ്വീകരിച്ചു വരുന്നു. |
| (ഇ) | 2011-12 വർഷത്തിൽ എത്ര ചെറുകിട വ്യവസായ സംരംഭങ്ങൾ ജില്ലയിൽ ആരംഭിച്ചുവെന്നും അതുമൂലം എത്ര | (ഇ) | 2011-12 വർഷത്തിൽ 951 ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു. അതു മൂലം 50.91 കോടി രൂപയുടെ നിക്ഷേപം ഉണ്ടായി. |

| | | | |
|---|---|---|---|
| • | കോടി രൂപയുടെ നിക്ഷേപം ഉണ്ടായി എന്നും വെളിപ്പെടുത്താമോ; | | |
| (എഫ്) | ചെറുകിട വ്യവസായ സംരംഭങ്ങൾ ഊർജ്ജിതമാക്കാൻ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ജില്ലയിൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | (എഫ്) | സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ